ശ്രീ. പി. ഗോപാലൻ : പ്രസ്സിലെ പത്തു് സ്ത്രീ തൊഴിലാളികളോടു് മാനേജ്മെന്റു് പ്രകോപനപരമായി പെരുമാറി എന്നു് ഗവണ്മെൻറിനറിയാമോ ?

ശ്രീ. കെ. ടി. അച്യുതൻ : സ്റ്റേ ഇൻ സ്ട്രൈക്കായാലും മറ്റു തരത്തിലുള്ള സ്ട്രൈക്കായാലും ആരും പ്രകോപനപരമായി പെരുമാറരുതെന്നു് നിർദ്ദേശം കൊടുത്തിട്ടുണ്ടു്.

ഞായറാഴ്ച രാവിലെ നടത്തപ്പെടുന്ന എൻ. സി. സി. പരേഡു്

* 880. [21] ശ്രീ. കെ എം. ജോർജ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്തു യൂണിവേഴ്സിറ്റി കാളേജിലും മറ്റു ഗവണ്മെൻറു കാളേജുകളിലുമുള്ള വിദ്യാർത്ഥികൾക്കു ഞായറാഴ്ച രാവിലെ എൻ. സി. സി. ട്രെയിനിംഗും, പരേഡും നടത്തിവരുന്നുണ്ടോ;

(ബി) ടി കലാലയങ്ങളിലെ ക്രിസ്ത്യൻ വിദ്യാർത്ഥികളെ ഇതിൽ സംബന്ധിക്കുവാൻ നിർബന്ധിക്കപ്പെടുന്നതുമൂലം, അവർക്കു് മതപരമായി വളരെ ബുദ്ധിമുട്ടുണ്ടാകുന്നതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(സി) മേലിൽ ഞായറാഴ്ച ദിവസങ്ങളിൽ ഉച്ചയ്ക്കുമുമ്പു്, ഇപ്രകാരമുള്ള ട്രെയിനിംഗു് പരിപാടികൾ നടത്തരുതെന്നു ബന്ധപ്പെട്ടവർക്കു ദയവായി കല്പന നൽകുമോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ):

(എ) എൻ. സി. സി. ഡയറക്ടർ ജനറലുടെ നിർദ്ദേശമനുസരിച്ചു് ട്രെയിനിംഗു് സിലബസ്സു് പൂർത്തിയാക്കുവാൻ വേണ്ടി ഞായറാഴ്ച ഉൾപ്പെടെ ആഴ്ചയിലെ എല്ലാ ദിവസവും പരിശീലനം കൊടുക്കേണ്ടിവരുന്നുണ്ടു്. എന്നാൽ സാധാരണയായി അദ്ധ്യയന ദിവസങ്ങളിൽ എന്തെങ്കിലും കാരണവശാൽ പരിശീലനത്തിനു ഹാജരാകുവാൻ കഴിയാതെ വരുന്ന കേഡറുകൾക്കാണു് ഞായറാഴ്ച പരിശീലനം കൊടുക്കാറുള്ളതു്.

(ബി) ഇല്ല.

(സി) ഇതു പരിഗണിക്കുന്നതാണു്.

ശ്രീ. ജോസഫ് ചാഴിക്കാട്ടു് : ഞായറാഴ്ച ദിവസം ഏതൊരു ക്രിസ്ത്യാനിക്കും മൂന്നു നാലു മണിക്കൂർ പള്ളിയിൽ പോകുന്നതിനും പ്രാർത്ഥിക്കുന്നതിനും അത്യാവശ്യമായിരിക്കുന്നതിനാൽ വിദ്യാർത്ഥികൾക്കു് ഞായറാഴ്ചപോകുന്നതിൽ നിന്നും ഒഴിവാക്കുവാൻ ശ്രമിക്കുമോ? നിയമസഭ ഉച്ചകഴിഞ്ഞു കൂടുന്നതുപോലെ മറേറതെങ്കിലും അവസരം അവർക്കും ഉപയോഗിക്കാവുന്നതാണു്.

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ഇങ്ങനെ ഒരാക്ഷേപം ഇതിനു മുമ്പു് ലഭിച്ചിരുന്നില്ല. മേലാൽ അതേപറ്റി പരിഗണിക്കുന്നതാണു്.

ടി. ടി. സി. വിദ്യാർത്ഥിനിയുടെ പ രിച്ചുവിടൽ

* 881. [23] ശ്രീമതി കുസുമം : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മു ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ ബി. ടി. എസ്സു്-ൽ ജൂണിയർ ടി. ടി. സി. ക്ലാസിൽ പഠിച്ചിരുന്ന എ. ലളിതാബായി എന്ന വിദ്യാർത്ഥിനിയെ അവിടെ നിന്നും പിരിച്ചയയ്ക്കുകയുണ്ടായോ; എങ്കിൽ കാരണമെന്തു്;

LIBRARY ARCHIVES Kerala Legislative Assembly